**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 644</u>** **<u>02-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായ പാർക്ക്</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിലെ ഐ.ടി. വകുപ്പിന്റെ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് ആക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി.പാർക്ക് ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 07-10-2021-ൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായവകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ KINFRA മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് KINFRA മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA യിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായപാർക്ക് ആരംഭിക്കുന്നതിന് KINFRA യ്ക്ക് കൈമാറുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത ഭൂമി വ്യവസായ പാർക്ക് ആക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി.പാർക്ക് ആരംഭിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തുകയും പ്രാരംഭ നടപടികൾ ആരംഭിക്കുകയുമുണ്ടായി. ഐ.ടി. വ്യവസായത്തിന് പൊതുവെ നഗര കേന്ദ്രീകൃത സ്വഭാവമാണുള്ളത്. ഒറ്റപ്പെട്ടതും വിമാനത്താവളത്തിന്റെ സാമീപ്യം ഇല്ലാത്തതുമായ സ്ഥലങ്ങളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്ന് കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ഭൂമി വ്യവസായപാർക്ക് തുടങ്ങുന്നതിന് കിൻഫ്രയ്ക്ക് കൈമാറുന്നത് പരിശോധിക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 07-10-2021-ൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ പ്രസ്തുത ഭൂമി വ്യവസായവകുപ്പിന് കൈമാറുന്നതു സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ KINFRA മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് പയ്യന്നൂർ മണ്ഡലത്തിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ ഐ.ടി. പാർക്ക് ആരംഭിക്കുന്നതിനായി ഏറ്റെടുത്ത സ്ഥലങ്ങൾ ചെറുകിട വ്യവസായ പാർക്കിന് അനുയോജ്യമാണെന്ന് KINFRA മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ നിർമ്മാണത്തിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ചെലവാക്കിയ തുക KINFRA യിൽ നിന്നും നഷ്ടപരിഹാരമായി ഈടാക്കിക്കൊണ്ട് ഐ.ടി പാർക്കിനായി ഏറ്റെടുത്ത സ്ഥലം വ്യവസായപാർക്ക് ആരംഭിക്കുന്നതിന് KINFRA യ്ക്ക് കൈമാറുന്ന വിഷയം നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ